(ബി) 11,159.45 കോടി രൂപയുടെ സംരംഭങ്ങൾക്കാണ് ധാരണാപത്രം ഒപ്പിട്ടിരിക്കുന്നത്.

(സി) ഇവയിൽ 121.25 കോടി രൂപ മുതൽ മുടക്കുവരുന്ന 11 സംരംഭങ്ങൾ ആരംഭിച്ചുകഴിഞ്ഞു.

നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ കൈമാറ്റം സംബന്ധിച്ച്

4 [424] ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ. ജോസഫ് എം. പുതുശ്ശേരി:
,, സ്റ്റീഫൻ ജോർജ്:
,, തോമസ് ഉണ്ണിയാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളാണ് നഷ്ടത്തിൽ പ്രവർത്തിക്കുന്നത് എന്നറിയിക്കുമോ;

(ബി) ഏറ്റവും ഒടുവിൽ ലഭ്യമായ കണക്കുകൾ അനുസരിച്ച് നഷ്ടത്തിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ മൂലധനവും നഷ്ടവും എത്രയെന്നറിയിക്കാമോ;

(സി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ തൊഴിലാളികളെ ഏൽപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ;

(ഡി) ഇപ്രകാരം തൊഴിലാളികളെ ഏൽപ്പിക്കുന്നപക്ഷം എന്തെല്ലാം നിബന്ധനകൾക്ക് വിധേയമായാണ് പൊതുമേഖലാ സ്ഥാപനങ്ങൾ വിട്ടുനൽകുന്നതെന്ന് വിശദമാക്കാമോ;

(ഇ) ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങൾ തൊഴിലാളികൾക്ക് കൈമാറാനാണ് ഉദ്ദേശിക്കുന്നതെന്നും എന്നാണ് കൈമാറുന്നതെന്നും അറിയിക്കാമോ?

ഉത്തരം

(എ ആന്റ് ബി) വിശദാംശം അനുബന്ധമായി നൽകിയിട്ടുണ്ട്.†

(സി, ഡി ആന്റ് ഇ) 'എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റി' സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്കൂട്ടേഴ്സ് കേരള ലിമിറ്റഡ്, മെട്രോപൊളിറ്റൻ എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ്, കെൽ-ന്റെ ഒലവക്കോട് യൂണിറ്റ് എന്നീ നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി

† അനുബന്ധം IV



LIBRARY ARCHIVES Kerala Legislative Assembly

രൂപീകരിച്ച് കമ്പനി നടത്തുന്നതിനുള്ള സാദ്ധ്യത പരിശോധിച്ചശേഷം അതു നടക്കാത്തപക്ഷം ജീവനക്കാരെയെല്ലാം സാമൂഹിക സുരക്ഷിതത്വപദ്ധതിയിൻകീഴിൽ കൊണ്ടുവരാൻ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ ജീവനക്കാരിൽ നിന്ന് ലഭിക്കുന്ന നിർദ്ദേശങ്ങൾ പരിശോധിച്ചാണ് കൂടുതൽ നടപടി എടുക്കുന്നത്.

പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ പരിഷ്കരണം

5 [425] ശ്രീ. ടി. കെ. ബാലൻ:
,, കോടിയേരി ബാലകൃഷ്ണൻ:
,, ടി. കെ. ദേവകുമാർ:
,, എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ പരിഷ്കരണത്തിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ പരിഷ്കരണത്തിനുള്ള ശുപാർശകൾ ഏതൊക്കെ ഏജൻസികളിൽ നിന്നാണ് സർക്കാർ സ്വീകരിച്ചത്;

(സി) ഏതൊക്കെ സ്ഥാപനങ്ങളാണ് പരിഷ്കരണത്തിനുവേണ്ടി തെരഞ്ഞെടുത്തതെന്ന് വ്യക്തമാക്കുമോ;

(ഡി) ഇവയിൽ ഓരോ സ്ഥാപനത്തിലും ലക്ഷ്യമിടുന്ന പരിഷ്കരണ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്;

(ഇ) ഇതിനകം നടപ്പിലാക്കിയ പരിഷ്കരണ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(എഫ്) പരിഷ്കരണത്തെ സംബന്ധിച്ച് അതാത് മേഖലയിലെ തൊഴിലാളി സംഘടനകളുമായി ചർച്ച നടത്തുമോ?

ഉത്തരം

(എ ആന്റ് ബി) സംസ്ഥാനത്തെ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളെ മത്സരക്ഷമതയുള്ളതാക്കിത്തീർക്കത്തക്ക രീതിയിൽ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുന്നതിനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. ഇതിനായി ഒരു എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പരമാവധി സ്ഥാപനങ്ങളെ പൊതുമേഖലയിൽത്തന്നെ നിലനിറുത്തി പുനരുദ്ധരിക്കുന്നതിനും അല്ലാത്തവയിൽ മാത്രം സ്വകാര്യ

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം IV

[22-1-2004-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4 (424) കാണുക]

**Details of Loss Making PSUs under the Industries Department during 2002-03**

(Provisional figures)

(Rs. in lakhs)

| Sl. No. | Company | 2002-03 | | 2001-02 |
|---|---|---|---|---|
| | | Turnover | Net Profit/ Loss | Share Capital |
| (1) | (2) | (3) | (4) | (5) |
| 1 | Kerala Hi-tech Industries Ltd. | 9.04 | -0.72 | 1,300.00 |
| 2 | Foam Matting (India) Ltd. | 546.57 | -1.80 | 515.23 |
| 3 | KELPAM | 16.69 | -7.84 | 87.00 |
| 4 | The Metal Industries | 232.28 | -14.36 | 147.95 |
| 5 | Keltron Resistors Ltd. | 154.59 | -17.00 | 159.81 |
| 6 | Kerala Artisans Dev. Corpn. Ltd. | 31.44 | -21.31 | 222.81 |
| 7 | Keltron Magnetics Ltd. | 257.04 | -36.24 | 25.09 |
| 8 | United Electrical Industries Ltd. | 1,186.00 | -47.00 | 399.03 |
| 9 | The Kerala State Coir Corporation Ltd. | 403.84 | -54.16 | 804.55 |
| 10 | The Kerala Ceramics Ltd. | 670.45 | -68.50 | 1,215.68 |
| 11 | Kerala Garments Ltd. | 54.25 | -99.26 | 48.00 |
| 12 | Travancore Sugars & Chemicals Ltd. | 161.90 | -101.43 | 131.57 |
| 13 | Scooters Kerala Ltd. | 60.43 | -110.84 | 472.00 |
| 14 | Kerala State Bamboo Corporation Ltd. | 1,300.00 | -112.00 | 641.38 |
| 15 | The Malappuram Co-operative Spinning Mills Ltd. | 1,997.90 | -121.88 | 985.84 |
| 16 | The Alleppy Co-operative Spinning Mills Ltd. | 673.83 | -131.42 | 714.63 |
| 17 | The Metropolitan Engineering Company Ltd. | 62.00 | -148.00 | 248.91 |
| 18 | The Trichur Co-operative Spinning Mills Ltd. | 1,281.00 | -164.14 | 1,142.00 |

2/404/2012—39.

LIBRARY ARCHIVES Kerala Legislative Assembly

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 19 | Keltron Crystals Ltd. | 85.32 | -171.94 | 133.98 |
| 20 | The Cannanore Co-op. Spinning Mills Ltd. | 983.43 | -191.31 | 359.04 |
| 21 | Sitaram Textiles Ltd. | 421.81 | -213.00 | 594.00 |
| 22 | The Quilon Co-operative Spinning Mills Ltd. | 1,018.22 | -228.83 | 249.56 |
| 23 | COIRFED | 2,160.00 | -250.00 | 1,492.87 |
| 24 | HANTEX | 1,808.00 | -250.00 | 1,160.38 |
| 25 | Kerala Small Industries Development Corpn. Ltd. | 2,085.45 | -250.00 | 1,965.53 |
| 26 | Keltron Counters Ltd. | 178.31 | -256.10 | 496.90 |
| 27 | The Travancore Cements Ltd. | 2,542.00 | -274.00 | 50.00 |
| 28 | Steel Complex Ltd. | 1,741.00 | -297.00 | 700.00 |
| 29 | Kerala Electrical & Allied Engineering Company Ltd. | 4,965.96 | -305.85 | 3,405.94 |
| 30 | Autokast Ltd. | 1,045.84 | -427.58 | 1,897.00 |
| 31 | Kerala State Handloom Development Corporation Ltd. | 800.00 | -448.64 | 1,250.48 |
| 32 | Kerala State Textile Corporation Ltd. | 4,284.75 | -491.23 | 1,863.19 |
| 33 | Steel Industrials Kerala Ltd. | 2,072.78 | -516.10 | 3655.86 |
| 34 | Kerala State Drugs & Pharmaceuticals Ltd. | 429.12 | -661.23 | 757.94 |
| 35 | Travancore Titanium Products Ltd. | 6,695.81 | -662.89 | 176.75 |
| 36 | Travancore-Cochin Chemicals Ltd. | 7,429.16 | -691.80 | 2,131.19 |
| 37 | Traco Cable Company Ltd. | 3,435.80 | -862.42 | 1,301.81 |
| 38 | Malabar Cements Ltd. | 10,611.90 | -1,073.56 | 2,599.87 |
| 39 | The Kerala State Cashew Development Corporation Ltd. | 164.61 | -1,427.47 | 18,243.70 |
| 40 | Kerala State Electronic Development Corporation Ltd. | 7,233.95 | -4,673.06 | 10,336.36 |
| 41 | Handicrafts Development Corporation (Kerala) Ltd. | 1,049.00 | .. | 273.52 |
| | TOTAL | **72,341.47** | **-15,881.91** | **64,357.35** |

LIBRARY ARCHIVES Kerala Legislative Assembly